LIBRARY ARCHIVES Kerala Legislative Assembly

പുഴകളുടെയും തോടുകളുടെയും സംരക്ഷണം

136 (4939) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുഴകളുടെയും തോടുകളുടെയും അതിർത്തി നിശ്ചയിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുഴുവൻ തോടുകളുടെയും പുഴകളുടെയും അതിർത്തി സർവ്വേ നടത്തി നിശ്ചയിക്കുവാനും കല്ലുകൾ സ്ഥാപിച്ചു സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തോടുകളും പുഴകളും നിലനിർത്താൻ പദ്ധതി നടപ്പാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂവകുപ്പാണ് സർവ്വേ നടത്തുന്നത്. റവന്യൂവകുപ്പ് സർവ്വേ പൂർത്തിയാക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള ഒരു പദ്ധതിയും നിലവിലില്ല. അതാത് പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് നിലവിൽ പുഴകളുടേയും തോടുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

കന്നുമ്മൽ അനുബന്ധ കടിവെള്ള പദ്ധതി

137 (4940) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുമ്മൽ അനുബന്ധ കടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ പണി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ട്രാൻസ്മിഷൻ മെയിൻ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയൊഴിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മൂന്നുതവണ ടെണ്ടർ ചെയ്യുകയുണ്ടായി. രണ്ടുതവണയും അനുയോജ്യമായ ഓഫർ ലഭിച്ചിട്ടില്ല. മൂന്നമത്തെ തവണ ലഭിച്ച ടെണ്ടർ പ്രകാരമാണ് പ്രവൃത്തി നടന്നുവരുന്നത്. ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 88 % പൂർത്തീകരിച്ചു.

(സി) പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് 2016 മാർച്ചിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തോട്ടപ്പള്ളി സ്പിൽവേ

138 (4941) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 8.35 കോടി രൂപ ചെലവുവരുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ലീഡിംഗ് ചാനൽ ഡ്രഡ്ജ് ചെയ്യുന്നതിനും കടൽ മുഖത്തുള്ള മണ്ണ് മാറ്റുന്നതിനും മറ്റും ഇതുവരെ സ്വീകരിച്ച നടപടികൾ, ചെലവഴിച്ച തുക സഹിതം വിശദമാക്കാമോ ?

ഉത്തരം

(എ) തോട്ടപ്പള്ളി സ്പിൽവേയിൽ 40 എണ്ണം പഴയ ഷട്ടറുകൾ മാറ്റി പുതിയ സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് 8,61,57,331 രൂപയുടെ ഭരണ സാങ്കേതിക അനുമതികൾ നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ, മെക്കാനിക്കൽ എറണാകുളം പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുകയും മെസ്സേഴ്സ് എം.എ.ആർ. ഫാബ്രിക്കേറ്റേഴ്സ് ഇന്ത്യ (പ്രൈവറ്റ് ലിമിറ്റഡ്) കർണ്ണാടക എന്ന സ്ഥാപനവുമായി 12-5-2014-ലെ 01/4-15/എസ്.ഇ./എം.ഇ. സി.എച്ച്./ഇറിഗേഷൻ നമ്പർ പ്രകാരം എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. തുടർന്ന് 20 പുതിയ ഷട്ടറുകൾ നിർമ്മിച്ചിട്ടുണ്ട്. പാർട്ട് ബിൽ ലഭിക്കുന്നമുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്.